സെപ്തംബർ 2024

# പ്രവാസി റിവ്യൂ

## മാഗസിൻ






**Unimoni Financial Services Ltd.**
Ground Floor, City Mall
OPP: YMCA Building, Kannur Road, Calicut.

**CALL : 7593819922**

# പ്രവാസി റിവ്യൂ
മാഗസിൻ

2024 സെപ്തംബർ
പുസ്തകം 11 ലക്കം 9

പബ്ലിഷർ & ചീഫ് എഡിറ്റർ
പി.ടി. നിസാർ

സബ് എഡിറ്റർ
എ.കെ. അനീസ

സ്പെഷ്യൽ കറസ്പോണ്ടന്റ്
ഒ.വി. വിജയൻ, കല്ലാച്ചി
കുമ്പളങ്ങാട് ഉണ്ണികൃഷ്ണൻ, ചെന്നൈ
ബാബു ഫ്രാൻസിസ്, കുവൈറ്റ്
മജീദ് അമ്പലക്കണ്ടി, ഫറോക്ക്
പ്രശാന്ത് അരൂർ

സർക്കുലേഷൻ മാനേജർ
എ.കെ. അബ്ദുൽ ബഷീർ

ജനറൽ മാനേജർ, അഡ്മിനിസ്ട്രേഷൻ
പി.കെ ജയചന്ദ്രൻ

ലീഗൽ അഡ്വൈസർ
അഡ്വ. ജോയ് അബ്രഹാം

കവർ & ലേ ഔട്ട്
ഷബീർ മഞ്ഞിയിൽ

പ്രവാസി റിവ്യൂ മാഗസിൻ 2024
വില: 20/-

Edited, Printed & Published by P.T. NIZAR
For Pravasi Review Magazine
Linwood, Pottangadi Ragavan Road
West Nadakkavu, Calicut - 673011.
Ph: 0495 2769086, 9037319971
Printed at: Red Star Printers, Calicut


## താളുകളിൽ


**പ്രകൃതിയെ കൊല്ലുന്ന മനുഷ്യന് ഒരു മുന്നറിയിപ്പ്...!** 5
കെ. പ്രേമചന്ദ്രൻ നായർ കടക്കാവൂർ

**ഉള്ളത് കൊണ്ട്** 7
ശ്രീജ ചേളന്നൂർ

**ആകുലതകൾ** 8
സരസ്വതി ബിജു

**പ്രവാസ ജീവിത കാലത്തെ ഓണക്കാല ഓർമ്മകൾ** 10
കെ.പി. അബൂബക്കർ

**നാലു വയസ്സുള്ള കുട്ടി** 15
പറവൂർ രാജഗോപാൽ

**ചിങ്ങ നിലാവിൽ പൊന്നോണം** 17
എം. ശശികുമാർ കുതിരവട്ടം

**കിനാവിന്റെ വെളിച്ചം** 18
ഞെളിയം ഉസ്മാൻ ഒരിയാന




അതിവിദഗ്ദ്ധ ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി ടീം | സ്പെഷ്യൽ ട്രെയിനിംഗ് നേടിയ
നഴ്സിംഗ് ടീം | ലോകോത്തര ലേബർ സ്യൂട്ടുകൾ | അതിനൂതന മോണിറ്ററിംഗ് ടെക്നോളജികൾ
| ലെവൽ 3 NICU | ഫീറ്റൽ മെഡിസിൻ | സമഗ്രമായ ഗർഭകാല പരിചരണം

DEPARTMENT OF **GYNECOLOGY & OBSTETRICS** **0471 4711000 | 2941000**

**KIMS**HEALTH™

എഡിറ്റോറിയൽ

# പൊന്നോണ സ്മരണകളിൽ നമുക്കൊന്നായി മുന്നേറാം

കള്ളവും, ചതിയുമില്ലാത്ത, മാനവരെല്ലാരുമൊന്നുപോലെ വാണിടുന്ന മാവേലി കാലത്തിന്റെ മധുരസ്മരണകളുമായി പൊന്നോണം വന്നണഞ്ഞിരിക്കുകയാണ്. മാവേലി മന്നന്റെ ഭരണ കാലം കേരളീയർ മാത്രമല്ല മനുഷ്യ സമൂഹമൊാകെ ആഗ്രഹിക്കു ഒന്നാണ്.

സമത്വ സുന്ദരമായ ഒരു കാലത്തിന്റെ ഓർമ്മകളാണ് മലയാളികൾ ലോകത്തിന് മുൻപാകെ വെക്കുത്. അതുകൊണ്ട് തന്നെ മലയാളികൾ ഉള്ളിടത്തെല്ലാം ഓണം ആഘോഷിക്കപ്പെടുന്നു എന്നത് ഏറെ ആഹ്ലാദകരമാണ്. നാം പാടി പറഞ്ഞ മാവേലി മന്നന്റെ കാലം ഇനിയും വന്നെങ്കിലെന്ന് ആശിക്കാത്തവരായി ആരുണ്ട്. മനുഷ്യരെല്ലാവരും ഒരമ്മപെറ്റ മക്കളെപോലെ അന്യോന്യം സ്നേഹിക്കാനും സഹായിക്കാനും വേർതിരിവുകളില്ലാതെ ജീവിക്കാനും തയ്യാറായിരുന്നെങ്കിൽ കൂടുതൽ സുന്ദരമാകുമായിരുന്നു നമ്മുടെ കൈരളി. മാവേലി മന്നന്റെ സ്മരണകൾ ഓർക്കുമ്പോൾ അത്തരം ഭരണാധികാരികൾ നമുക്കുണ്ടായിരുന്നെങ്കിൽ എന്ന് ആശിക്കാത്തവരാരുണ്ട്.

എവിടെയാണ് ചുവട് പിഴച്ചുപോയതെ് ആലോചിക്കേണ്ട സമയമാണിത്. സ്നേഹ സുരഭിലവും, സാഹോദര്യവും നൃത്തംവെച്ചിരുന്ന നമ്മുടെ മലയാളക്കരക്ക് ക്ഷതം സംഭവിച്ച കാര്യങ്ങൾ എങ്ങിനെ വന്ന് ഭവിച്ചു എന്ന് പുതു തലമുറ പരിശോധിക്കണം. നമ്മുടെ യുവ തലമുറയെ നശിപ്പിക്കാൻ ശ്രമിക്കുന്ന ലോബികൾക്കെതിരെ സമൂഹം സദാ ജാഗ്രത പുലർത്തണം. കക്ഷി രാഷ്ട്രീയത്തിന്റെ ചോരകത്തികൾ ഉയരാത്ത, ഒരു നിലവിളികളും അന്തരീക്ഷത്തിലുയരാത്ത ജാതി-മത-വർഗ്ഗീയ ഭിന്നിപ്പുകളില്ലാത്ത കേരളം, അത്തരമൊരു കേരളമാണ് നാം സൃഷ്ടിക്കേണ്ടത്. അതാണ് വരും തലമുറയ്ക്കായി നാം ഒരുക്കികൊടുക്കാനുള്ളത്.

ഭരണാധികാരികൾ ജനങ്ങളെ ഒന്നായി കാണേണ്ടവരാണ്. അതിന് മകുടോദാഹരണമാണ് മാവേലിമന്നന്റെ സ്മരണകൾ. ഓണവും മാവേലിയും ലോകത്തിന് കേരളം നൽകിയ മനോഹരമായ ഒരു സങ്കൽപ്പമാണ്. ആ മധുര സ്മരണകളെ നെഞ്ചോട് ചേർത്ത് നമുക്കൊന്നായി മുന്നേറാം.

എല്ലാവർക്കും പ്രവാസി റിവ്യൂവിന്റെ ഓണാശംസകൾ.

**പി.ടി. നിസാർ**
*ചീഫ് എഡിറ്റർ*





# മുഹമ്മദ് റഫി ഇന്ത്യൻ ചലച്ചിത്ര സംഗീത സൗരയൂഥത്തിലെ സൂര്യൻ: പ്രദീപ് നെന്മാറ



**ഷാർജ:** ഇന്ത്യൻ ചലച്ചിത്ര സംഗീത സൗരയൂഥത്തിലെ സൂര്യനായി ഇന്നും മുഹമ്മദ് റഫി നിലനിൽക്കുന്നുവെന്ന് ഇന്ത്യൻ അസോസിയേഷൻ ഷാർജ ആക്ടിംങ്ങ് പ്രസിഡണ്ട് പ്രദീപ് നെന്മാറ പറഞ്ഞു. കീർത്തിയുടെ പരമോന്നതിയിൽ എത്തിയിട്ടും അഹംഭാവത്തിന്റെ കണികപോലും ആ കലാകാരന്റെ വാക്കുകളിലോ ചലനങ്ങിളോ കാണില്ലെന്നും ചിരന്തന, ദർശന സംഘടിപ്പിച്ച റഫി അനുസ്മരണ യോഗം ഉൽഘാടനം ചെയ്തു കൊണ്ട് അദ്ദേഹം പറഞ്ഞു.

റഫി അനുസ്മരണത്തോട് അനുബന്ധിച്ചുള്ള റാഫി അവാർഡ് യുഎ.ഇ.യിലെ സാമൂഹ്യ, ജീവകാരുണ്യ, കലാസാംസ്കാരിക പ്രവർത്തകരായ സാം വർഗ്ഗീസ്, വെലിയാടി അബ്ദുല്ല, എൻ.കെ.ഹമീദ്, ബീന സിബി എന്നിവർക്ക് ചടങ്ങിൽ വെച്ച് നൽകി.




# പ്രകൃതിയെ കൊല്ലുന്ന മനുഷ്യന് ഒരു മുന്നറിയിപ്പ്...!



**കെ. പ്രേമചന്ദ്രൻ നായർ**
**കടക്കാവൂർ**

പ്രകൃതിക്കേറ്റ പരിക്കുമൂലം ഋതുഭേദങ്ങൾ പോലും കാലം തെറ്റി വരികയാണ്. പ്രകൃതിയെ ഏറ്റവും ആത്മാർഥമായി സ്നേഹിക്കുന്നത് കവികൾ തന്നെയാണ്. കാരണം അവരുടെ കാവ്യഭാവനകൾക്കു ചിറകുകൾ മുളക്കുന്നത് പ്രകൃതിയുടെ സൗന്ദര്യ ദൃശ്യങ്ങളിൽ നിന്നാണ്. ആ സുന്ദര ദൃശ്യങ്ങൾക്ക് ക്ഷതം സംഭവിക്കുമ്പോഴാണ് കവികളും വിമർശകരുമെല്ലാം വിപ്ലവകാരികളായി മാറുന്നത്. 25 വർഷങ്ങൾക്കു മുൻപ് കവിതാ രൂപത്തിൽ ഇഞ്ചക്കാട് ബാലചന്ദ്രൻ അവതരിപ്പിച്ചപ്പോൾ ആരും അത്ര ശ്രദ്ധിച്ചില്ല. എന്നാൽ 24വർഷങ്ങൾക്കു ശേഷം ഈ കവിത ആരുടെയും മനസ്സിനെ ആഴത്തിൽ സ്വാധീനിക്കു ഒന്നായി കൂടുതൽ ജനപ്രിയമായി മാറി.

പ്രകൃതിയുടെ നിലവിളി വൈകാരികമായി ആലപിച്ച ആ കവിതയുടെ പ്രസക്തി കേരളത്തിൽ പ്രകൃതി കലിതുള്ളിയ സമയത്തെങ്കിലും നാം ഓർക്കണമായിരുന്നു. വരും തലമുറയ്ക്ക് ഇവിടെ വാസം

സാധ്യമോ എ ചോദ്യം ഈ കവിതയിൽ ഒരു മുന്നറിയിപ്പായിരുന്നെങ്കിൽ ഇന്ന് അത് യാഥാർഥ്യമാകുമോ എന്ന വലിയ ആശങ്കയ്ക്ക് തന്നെ കാരണമായി മാറി. പ്രകൃതിയെ മലീനസമാക്കുന്നതിനെതിരെയും വെള്ളം കെട്ടി നിർത്തുന്ന കൂറ്റൻ ഡാമുകൾക്കെതിരെയും ഈ കവിതയിൽ കവി തുള്ളുന്നുണ്ട്. നദികൾക്കുപോലും വഴി മുടക്കി കൂറ്റൻ കെട്ടിടങ്ങൾ നിർമ്മിച്ചും ഡാമുകൾ പടുത്തുയർത്തിയും മലയിടിച്ചും, മണൽ വാരിയും, വെടിമരുന്നുപയോഗിച്ചു പാറകൾ പൊട്ടിച്ചും, ബോർ വെൽ ഉപയോഗിച്ച് വെള്ളമൂറ്റിയും, നെൽപ്പാടങ്ങൾ നികത്തിയുമെല്ലാം പ്രകൃതിയെ സംഹരിക്കാൻ ഇറങ്ങിയ മനുഷ്യൻ. അവരാണ് ഇത്തരം വലിയ വിപത്തുകൾ വിളിച്ചു വരുത്തുന്നത്.

കനത്ത മഴ ഇനിയും ഉണ്ടാകുകയും ശക്തമാവുകയും ചെയ്താൽ മുല്ലപ്പെരിയാറിലെയും ഇടുക്കിയിലെയും ഷട്ടറുകൾ മുഴുവൻ തുറക്കാനുള്ള സാഹചര്യം ഉണ്ടാവുകയും ചെയ്താൽ എന്താണ് സംഭവിക്കുക എന്നത് സ്വപ്നത്തിൽ പോലും ചിന്തിക്കാൻ കഴിയില്ല. ഇടുക്കി ഡാമിലെ ഷട്ടറുകൾ തുറന്നാൽ തന്നെ ഇടുക്കി, കോട്ടയം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ വൻ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നേക്കാം. ചരിത്രത്തിൽ ഇന്ന് വരെ വെള്ളപ്പൊക്കമുണ്ടാകാത്ത പാലക്കാട് നഗരം പോലും വലിയ കെടുതിക്ക് സാക്ഷ്യം വഹിക്കുകയുണ്ടായി. കേരളത്തിലെ എല്ലാ ജില്ലകളിലും ഡാമുകളിൽ ജലനിരപ്പ് ഉയർന്നാൽ ഒഴുകിപ്പോകാനുള്ള മാർഗ തടസ്സം സൃഷ്ടിച്ചത് മനുഷ്യർ തന്നെയാണ്. മണ്ണ് നികത്തി നിർമിച്ച കൂറ്റൻ കെട്ടിടങ്ങളും, റോഡുകളും, മണലൂറ്റുമാണ് ഈ അവസ്ഥക്ക് പ്രധാന കാരണം. കൃഷിഭൂമിയും, തണ്ണീർത്തടങ്ങളും, തോടുകളുമെല്ലാം വ്യാപകമായാണ് നികത്തപ്പെട്ടിരിക്കുന്നത്. അതായതു വികസനം വേണം. എന്നാൽ അത് പ്രകൃതിയെ സംരക്ഷിച്ചു കൊണ്ട് വേണം ചെയ്യേണ്ടത്. മാറി മാറി വരുന്ന സർക്കാറുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇക്കാര്യത്തിൽ ഇനിയെങ്കിലും ശ്രദ്ധിച്ചില്ലായെങ്കിൽ വരും നാളുകളിൽ കൊടിയ ദുരന്തത്തിനായിരിക്കും കേരളം സാക്ഷ്യംവഹിക്കേണ്ടി വരിക.

കറണ്ട് ഉല്പാദനത്തിന് മറ്റു മാർഗങ്ങൾ കൂടി പരീക്ഷിച്ചു ഡാമുകളിൽ വെള്ളം കെട്ടി നിർ

**കൃഷിഭൂമിയും, തണ്ണീർത്തടങ്ങളും, തോടുകളുമെല്ലാം വ്യാപകമായാണ് നികത്തപ്പെട്ടിരിക്കുന്നത്. അതായതു വികസനം വേണം. എന്നാൽ അത് പ്രകൃതിയെ സംരക്ഷിച്ചു കൊണ്ട് വേണം ചെയ്യേണ്ടത്. മാറി മാറി വരുന്ന സർക്കാറുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇക്കാര്യത്തിൽ ഇനിയെങ്കിലും ശ്രദ്ധിച്ചില്ലായെങ്കിൽ വരും നാളുകളിൽ കൊടിയ ദുരന്തത്തിനായിരിക്കും കേരളം സാക്ഷ്യംവഹിക്കേണ്ടി വരിക.**

ത്തുന്ന ഏർപ്പാട് തന്നെ അവസാനിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. പുഴകൾ സ്വന്തമായി ഒഴുകട്ടെ, ഭൂമി അങ്ങേയറ്റം അപകടമായ അവസ്ഥയിലെത്തിയിട്ടും മനുഷ്യനുൾപ്പെടെ സകല ജീവജാലങ്ങളുടെയും നിലനില്പിനെക്കുറിച്ചു ചോദ്യങ്ങൾ ഉയർന്നിട്ടും ഇക്കാലമത്രയും ഒരു പരിഹാര നടപടിയും തുടങ്ങിയിട്ടില്ല. മനുഷ്യരുടെ ആർത്തിയാണ് പലപ്പോഴും പ്രകൃതി ദുരന്തങ്ങൾക്കു കരണമായിട്ടുള്ളതെന്നു ചരിത്രം പരിശോധിച്ചാൽ ആർക്കും ബോധ്യപ്പെടും. കേരളത്തിന്റെ മാത്രമല്ല ദക്ഷിണ ഇന്ത്യയുടെ മുഴുവൻ ജലലഭ്യതയും നിലനിൽപും പശ്ചിമഘട്ട മലനിരകളെ ആശ്രയിച്ചാണ്. കേരളത്തിലെ 44 നദികളുടെയും ഉത്ഭവം ഈ മല നിരകളിൽ നിന്നാണ്. ഈ നദികളുടെയും കൈവഴികളുടെയും ഇപ്പോഴത്തെ അവസ്ഥ പരിശോധിച്ചാൽ ആർക്കും മനസ്സിലാകും കയ്യേറ്റങ്ങളുടെ ഭീകരത.

അന്തരീക്ഷമലിനീകരണമില്ലാതാക്കി ശുദ്ധവായു നൽകുന്ന കാടുകൾ, മലകൾ എല്ലാം കച്ചവട കണ്ണുകൾ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. നദികളെ മാത്രമല്ല കടലിനെയും മനുഷ്യർ വെല്ലുവിളിക്കുകയാണ്. തീരദേശങ്ങളിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ കടലും തീരവും തമ്മിലുള്ള ജൈവബന്ധത്തെയും താപജലകൈമാറ്റങ്ങളെയും വരെ ബാധിച്ചിട്ടുണ്ട്. ഇടുക്കി അണക്കെട്ടിന്റെ ഷട്ടർ പൂർണമായും തുറക്കുമ്പോൾ വെള്ളം പൂർണമായും ഒഴുകിപ്പോകേണ്ടതും അത്യന്തികമായി കടലിലേക്ക് തന്നെയാണെന്നതും ഓർക്കണം. പ്രകൃതിയെ ചൂഷണം ചെയ്താൽ... ആക്ര

മിച്ചാൽ... അതിന്റെ ഫലം മനുഷ്യർ തന്നെ അനുഭവിക്കേണ്ടിവരുമെന്ന മുറിയിപ്പ് പരിസ്ഥിതി പ്രവർത്തകർ ആവർത്തിച്ച് നൽകുമ്പോഴും ഇഞ്ചക്കാട് ബാലചന്ദ്രനെയും, ബാലചന്ദ്രൻ ചള്ളിക്കാടിനെയും, സുഗതകുമാരിയെയും പോലുള്ള കവികൾ ഓർമ്മിപ്പിക്കുമ്പോഴും മുഖം തിരിയുന്നവർ കേരളം കണ്ട ഭീതിയുടെ പശ്ചാത്തലത്തിലെങ്കിലും ഒരു തിരുത്തൽ നടപടിക്ക് തയാറാകേണ്ടിയിരിക്കുന്നു.

വരാനിരിക്കുന്ന ദുരന്തം മുന്നിൽ കണ്ടുകൊണ്ടു വേണം ഇനി ഓരോ ചുവടും മുന്നോട്ടു വെക്കേണ്ടത്. ന്യുനപക്ഷത്തിന്റെ കച്ചവട താല്പര്യങ്ങൾ ഒരു സമൂഹത്തെ തന്നെ ബലി കൊടുക്കാതിരിക്കാൻ ആവശ്യമായ ജാഗ്രത ഭരണ കർത്താക്കൾ കാണിക്കേണ്ടതായുണ്ട്.

ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'അമൃതം' എന്ന കവിതയിൽ മരങ്ങൾ നശിച്ചു തോടും കുളവും കിണറും എല്ലാം വറ്റി ചെളിപ്പാടുകൾ മാത്രം അവശേഷിച്ച പ്രകൃതിയെ നമുക്ക്കാണാം. നീരൊഴുക്ക് നിലച്ച ആ ഭൂമിയിൽ സൂര്യൻ നടമാടുകയാണ്. ഒരു കൊച്ചുപുൽനാമ്പുപോലും ഭക്ഷിക്കാനാകാതെ കന്നുകാലികളും കൂടെ മനുഷ്യരും അലയുന്നു. ഇന്നത്തെ ഗ്രാമത്തിന്റെ നഷ്ടപ്പെട്ടുപോയ മുഖം കവിതയിലെ വരികളിലൂടെ നമുക്ക് ദൃശ്യമാകുന്നു. 'തോടുകൾ വരണ്ടു മാസങ്കടം ചുരത്തിലെ കണ്ണുനീരൊഴുക്കുകൾ, നിന്റെ ചോരയും നിന്റെ കണ്ണീരും ചേർന്നാൽ വർഷം മണ്ണിലമൃതെത്തുന്നുള്ളു, നിന്റെ ചോരയും എന്റെ വിയർപ്പും കണ്ണീരും എന്നിവ.' അതായതു, ഈ കവിതയുടെ അവസാനഭാഗത്തു പ്രകൃതിയെ തിരിച്ചെടുക്കാൻ വെമ്പൽ കൊള്ളുന്ന മനുഷ്യമനസ്സും കാണാനാകും...!

---

# ഉള്ളത് കൊണ്ട്



**ശ്രീജ ചേളന്നൂർ**


'അത്തം കറുത്താൽ ഓണം വെളുക്കും'
ഇന്നാ പഴഞ്ചൊല്ലും പതിരായി മാറി

എന്തൊക്കെയായാലും മലയാളി
കാണം വിറ്റും ഓണമുണ്ണും


തുമ്പയും മുക്കുറ്റിയും വേലിയരിയും
തുമ്പികൾ പാറുന്ന വയലേലകളും
തെളിനീരൊഴുകുന്നതോടുംപുഴകളും
ഗൃഹാതുരത്വത്തിന്റെ ഗുഹയിൽ മറഞ്ഞു

നാടൻ പൂവുകൾ കുറ്റിയറ്റു
വാടാത്ത പൂക്കൾ സ്ഥാനം പിടിച്ചു
മാവേലി നാടിന്റെ നന്മകളെല്ലാം
മാറാല പിടിച്ച ഓർമകളായി

ഉള്ളത്കൊണ്ട് ഓണം എന്നുള്ളോർക്ക്
അന്നും ഇന്നും എന്നും പൊന്നോണം.



• കവിത



# ആകുലതകൾ



സരസ്വതി ബിജു

ഞാനിത്ര നേരത്തെ മരിക്കുമായിരുന്നെങ്കിൽ
അല്ലെങ്കിൽ, ഒരല്പം മുമ്പറിഞ്ഞിരുന്നെങ്കിൽ
അരി കഴുകി അടുപ്പത്തിട്ട്
വെന്തളിഞ്ഞു പോകാൻ അനുവദിക്കില്ലായിരുന്നു.
ഗ്യാസിന്റെ വില കണ്ട് നെറ്റിചുളിക്കുന്ന മുഖത്ത്,
എങ്കിൽ ആശ്വാസം കാണുമായിരുന്നു
അകവും അടുക്കളയും തുടച്ച്
ഫാനുകളും എ.സിയും വാഷിംഗ് മെഷീനും
പ്രവർത്തിപ്പിച്ച് മുറ്റമടിക്കില്ലായിരുന്നു,
അനന്തമായ കറണ്ട് ബില്ല് കണ്ട് പല്ലുറുമ്മി
പിറുപിറുക്കുന്നത് എങ്കിൽ കുറയുമായിരുന്നു,
മുറ്റമടിക്കുമ്പോൾ ചൂലിന്റെ താളം കേട്ട്
എത്തി നോക്കുന്ന അയൽപക്കത്തേക്ക്, കുറച്ച്
കൊതിയും നുണയും ചിരിയും കൊടുത്തേനേ.
മുറ്റത്ത് കാക്ക തൊടാതെ വാടുന്ന കൊപ്ര,
വെയിൽ ചായും മുന്നേ,
മഴ കൊള്ളാതെ അകത്തേയ്ക്കെടുത്തേനേ.
മക്കളെത്തും മുമ്പ് സവാളയും പച്ചമുളകു മരിഞ്ഞ്
ദോശയ്ക്ക് മുകളിലാക്കിയ പിസ റെഡി ആക്കിയേനേ.
ഓഫീസ് കഴിഞ്ഞുള്ള പതിവുകാപ്പിക്ക്,
ഇഷ്ടമുള്ള ഇലയടയുണ്ടാക്കയേനേ.
അടുക്കളയിൽ വെട്ടിനന്നാക്കാൻ വെച്ച മീനുകൾ
അടപ്പു തട്ടി പൂച്ച തിന്നില്ലായിരുന്നു.

പഠിപ്പിക്കാനിറങ്ങുമ്പോ ചൂരൽ പിടിയാൽ
ഇംഗ്ലീഷ് തേച്ച് അടിക്കില്ലായിരുന്നു.
ആ നേരത്തെ കുഞ്ഞു കണ്ണിലെ നിസ്സഹായത
കണ്ടില്ലന്ന് നടിക്കില്ലായിരുന്നു.
മക്കളുറങ്ങും വരെ കാത്തിരുന്ന് പതുക്കെ
കൈവിരൽ കോർത്ത് പിടിച്ചമർത്തുമ്പോൾ
എനിക്കുറങ്ങണമെന്ന് പറഞ്ഞ് തിരിഞ്ഞ് കിടക്കില്ലായിരുന്നു.
ആഢംബരങ്ങൾക്ക് നേരമുണ്ടായിട്ടും
അതിർവരമ്പ് വെക്കില്ലായിരുന്നു.
ഇനിയുമേറേ ബാക്കിയുണ്ട്
പൂർത്തിയാക്കാൻ പറ്റാത്തതിൽ മാപ്പ് ചോദിക്കുന്നു,
പുതിയൊരാൾക്ക് ഇടങ്ങളും ഇഷ്ടങ്ങളും കൈമാറാൻ
ദിവസങ്ങൾ വേണ്ടി വരില്ല, ന്നാലും
ഒന്നുമാക്കാതെ പോയതിലല്ല,
ഒന്നിൽ മാത്രമൊതുങ്ങി
ഒന്നുമല്ലാതായവളുടെ സങ്കട പറച്ചിലാണ്.
പണികൾ എല്ലാം തീർത്ത് സുന്ദരിയാകാം എന്ന് കരുതിയ
കക്ഷം കീറിയ നൈറ്റി കുത്തി കയറ്റി വെച്ചിരിക്കുന്ന,
ചൂലുപോലെ മൂലയിൽ ചുരുണ്ടു മരിച്ച
പരേതാൽമാവിനോട് ഇനിയെന്ത് പറയാൻ...
അതാവാം അകത്ത് വെള്ളപുതച്ച ശരീരം എടുക്കും മുമ്പ്
രണ്ട് തുള്ളി കണ്ണീർ കണ്ണിൽ ബാക്കി വെച്ചത്.



# ഷിജി അന്ന ജോസഫിനെ ആദരിച്ചു

**ദുബായ്:** കെ.പി.സി.സി.യുടെ പ്രവാസി സം ഘടനയായ ഇൻക്കാസ് യു.എ.ഇ.കമ്മിറ്റിയു ടെ സിക്രട്ടറിയായി നിയമിക്കപ്പെട്ടയു.എ.ഇയി ലെ ജീവകാരുണ്യ പ്രവർത്തകയും, ദർശന യു.എ.ഇ.യുടെ വനിത വിഭാഗം കൺവീനറു മായ ഷിജി അന്ന ജോസഫിനെ ദർശന പ്രവർ ത്തകർ ഉപഹാരം നൽകി ആദരിച്ചു. ദർശന പ്രസിഡണ്ട് സി.പി.ജലീലിന്റെ അദ്ധ്യക്ഷത വഹിച്ചു. ദർശന അക്ഷാധികാരി പുന്നക്കൻ മു ഹമ്മദലി ഉൽഘാടനം ചെയ്തു.

അക്കാഫ് അസോസിയേഷൻ പ്രതിനിധി മു സ്തഫ കുറ്റിക്കോൽ, ചിരന്തന ജനറൽ സി ക്രട്ടറി ടി.പി.അശറഫ് എന്നിവർ ആശംസകൾ നേർന്നു.ദർശന ജനറൽ സിക്രട്ടറി ഷംസീർ നാദാപുരം സ്വാഗതവും ദർശന ട്രഷറർ സാ ബു തോമസ് നന്ദിയും പറഞ്ഞു.



കെ.പി. അബൂബക്കർ

# പ്രവാസ ജീവിത കാലത്തെ ഓണക്കാല ഓർമ്മകൾ

കള്ളവും ചതിയുമില്ലാത്ത മനുഷ്യൻ പരസ്പരം സ്നേഹിക്കുകയും സുഖദുഖങ്ങൾ പങ്കിട്ട് ആ കാലത്തെ സുന്ദര സങ്കൽപങ്ങൾ പങ്കിടുന്ന ഓണക്കാലം വരികയായി. ജീവിക്കാൻ വേണ്ടിയുള്ള നെട്ടോട്ടത്തിൽ കുടുംബം പുലർത്താൻ വേണ്ടി നാളെയുടെ ജീവിതത്തിന് ഒരു തണലേകാൻ വേണ്ടി മലയാളികൾ പ്രവാസജീവിതം തുടങ്ങിയിട്ട് പതിറ്റാണ്ടുകളായി.

ഞാൻ 1977 മുതൽ 1990 വരെ 13 വർഷം സൗദി അറേബ്യയിലും ബഹറിനിലുമായി പ്രവാസ ജീവിതം നയിച്ച വ്യക്തിയാണ്. ബഹ്റിനിലെ പ്രസിദ്ധമായ മീന സെൽമ തുറമുഖത്തും സൗദിയിലെ അൽക്കോബാറിലെ ഗൾഫ് മറേഡിയൻ ഫൈവ് സ്റ്റാർ ഹോട്ടലിലും ജോലി ചെയ്തു. 300 കൂടുതൽ വ്യത്യസ്ത രാജ്യക്കാർ ജോലി ചെയ്യുന്ന മറേഡിയൻ ഹോട്ടലിൽ ഞങ്ങൾ കുറച്ച് മലയാളികൾ ഉണ്ടായിരുന്നു. ഓണം മലയാളികളുടെ ദേശീയ ആഘോഷമാണല്ലോ. എല്ലാ വർഷവും ഓണം വരുമ്പോൾ നമ്മൾ സമുചിതമായി ആഘോഷിക്കുക പതിവാണ്. ഓണ സദ്യയും കലാപരിപാടികളും എല്ലാമായി ആ നല്ല കാല സങ്കൽപങ്ങളെ സ്മരിക്കുന്നു.

ലോകത്ത് ഏത് ഭാഗത്ത് പോയാലും മലയാളി ഇല്ലാത്ത രാജ്യങ്ങൾ ഇല്ലല്ലോ. എസ്.കെ. പൊറ്റക്കാടിന്റെ യാത്രാ വിവരണത്തിൽ ആഫ്രിക്കൻ കാടുകളിലൂടെ പോയപ്പോൾ അവിടെ കാവ വിൽക്കുന്ന കഴിക്കോട്ടുകാരന്റെ കഥ പറയുന്നുണ്ട്. 10 മലയാളികൾ ഉണ്ടോ അവിടെ ഓണ സദ്യയും ആഘോഷവും ഉണ്ടാകും. പ്രവാസ ജീവിതത്തിന്റെ വിരസതകളിൽ നിന്നും മോചനം ലഭിക്കാൻ ഇത്തരം കൂട്ടായ്മകൾ വളരെ സഹായകമാണ്. മാവേലിയുടെ നല്ല കഥകൾ ഓർക്കുക എന്നത് തന്നെ ഇപ്പോഴത്തെ കാലത്ത് പുതിയ അനുഭൂതിയാണ്. പ്രവാസികൾ നാട്ടിലെ എല്ലാ ആഘോഷങ്ങളും ഗൾഫ് നാടുകളിൽ ആഘോഷിക്കുന്നവരാണ്. പ്രത്യേകിച്ച് ഓണത്തിന്റെ കഥകൾ സമത്വത്തിൻെയും സാഹോദര്യത്തിന്റെയും കാലത്ത് ജീവിച്ച മനുഷ്യരുടെ കഥകളാണ്. സുഖസുന്ദരമായ പഴയ കാലത്തെ ഓർമ്മകൾ പുതുക്കുന്ന എല്ലാവർക്കും ഓണാശംസകൾ നേരുന്നു. •




GUARANTEED LOWEST AIRFARE & MOST AFFORDABLE HOLIDAYS
HAPPY
ONAM
Flight
Hotels
Holidays
Visa
Forex
Insurance
Cruise
Car
Bus
Train
Pilgrimage
MICE
Akbar Holidays
AKBAR FOREX
MONEY EXCHANGE
Akbar Group
AKBAR
STUDY ABROAD
AKBAR ACADEMY
Akbar Travels of India Pvt. Ltd.
akbartravels.com




www.ksfe.com
KSFE
ഗാലക്സി
ചിട്ടികൾ
2024 ഏപ്രിൽ 1 മുതൽ
2025 ഫെബ്രുവരി 28 വരെ
മെഗാ ബമ്പർ
സമ്മാനം
1
മെഴ്സിഡസ് ബെൻസ് കാർ
പരമാവധി 75 ലക്ഷം രൂപ
ബമ്പർ സമ്മാനം
17
ഇന്നോവ കാറുകൾ
പരമാവധി 25 ലക്ഷം രൂപ വീതം
GO(Rt) No.527/2024 /TAXES Dt.14.06.2024
KGC സീരീസ് 2
2024 ജൂലായ് 1 മുതൽ
ഒക്ടോബർ 31 വരെ
ശാഖാതല
സമ്മാനങ്ങൾ
25,000ൽ അധികം
ഓണക്കോടികൾ സമ്മാനം
3500 രൂപ
വിലവരുന്ന
ഓണക്കോടി
ഓരോചിട്ടിയിലും
10ൽ ഒരാൾക്ക്
വീതം
*നിബന്ധനകൾക്ക് വിധേയം
KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)
CIN: U65923KL1969SGC002249
Toll Free Helpline 1800-425-3455



pnb
#JustOneApp
പഞ്ചാബ് നാഷണൽ ബാങ്കിന്റെ
ഹൃദയം നിറഞ്ഞ
ഓണാശംസകൾ
KCC കാർഷിക
സ്വർണ പണയ വായ്പ
4%*
പലിശ നിരക്കിൽ
ഭവന വായ്പ
കാലാവധി
30* വർഷം
വാഹന വായ്പ
കാലാവധി
10* വർഷം
*നിബന്ധനകൾ ബാധകം
കൂടുതൽ വിവരങ്ങൾക്കായി വിളിക്കുക :
തിരുവനന്തപുരം- സിറിയക് ബാബു 9539503330
എറണാകുളം- സുജേഷ് നായർ- 9789922439
കോഴിക്കോട്- അഖിലേഷ്-8138997700
पंजाब नैशनल बैंक
...भरोसे का प्रतीक !
pnb
punjab national bank
...the name you can BANK upon !


ഞാൻ
അങ്ങോട്ട് വരുന്നുണ്ട്!
എല്ലാം സെറ്റ് അല്ലേ?
ചിങ്ങമാകുന്നു
വീടുപണി
തുടങ്ങണ്ടേ?
ഈ ഉത്സവ വേളയിൽ ഒരു
ഉഗ്രൻ നിക്ഷേപ
പദ്ധതിയിൽ ചേർന്നാലോ ?
KGB
ഈ പുതുവർഷത്തിൽ
സംരംഭങ്ങൾ
തുടങ്ങണ്ടേ?
ഉത്രാടപ്പാച്ചിൽ
പുതിയ കാറിൽ
ആയാലോ?
എല്ലാം സെറ്റ് ആക്കാം!
വരൂ!
കേരളത്തിന്റെ സ്വന്തം
ബാങ്കിലേക്ക് !
WWW.KERALAGBANK.COM
കേരള ഗ്രാമീൺ ബാങ്ക്
Kerala Gramin Bank
(A Government owned scheduled bank sponsored by Canara Bank)
CALL CENTRE
0497 2717800
TOLL FREE NUMBER
1800 425 4000
WHATSAPP BANKING
8886 64 63 64



പറവൂർ രാജഗോപാൽ

# നാലു വയസ്സുള്ള കുട്ടി

**കു**ട്ടികൾക്ക് കഥ പറഞ്ഞുകൊടുത്ത്, അന്നുച്ചക്ക് അവർക്കൊപ്പം സീത തെല്ലൊന്നു മയങ്ങി. കഥ കോട്ട് കണ്ണും പൂട്ടിക്കിടന്ന നാലു വയസ്സുകാരി പ്രിയ അവർക്കിടയിൽ നിന്നെഴുന്നേറ്റുവന്ന് മുറ്റത്തേക്കിറങ്ങി.

മുറ്റത്തിരുന്ന് കളിക്കുകയായിരുന്നു കുട്ടി.

സന്യാസി വേലിക്കൽ വന്നു നിന്ന് കുട്ടിയെ വിളിച്ചു. വാ... മിഠായി തരാം മാമൻ.

അയാൾക്കൊരു പാഴ്സിയുടെ നോട്ടമായിരുന്നു. കാവി കലർന്ന തലയിലെ ടർബനും നീണ്ട താടിരോമങ്ങളും കവിളറ്റത്തെ കറുത്ത മറുകും കടുപ്പിച്ച മേൽമീശയും അയാളെ കാഷായം കൊണ്ട സന്യാസി വേഷത്തിലും വ്യത്യസ്ഥനാക്കിയിരുന്നു.

അയാൾക്ക് കുട്ടിയെക്കൊണ്ട് കാര്യമുണ്ടായിരുന്നു. അയാൾക്ക് കുട്ടിയോടെന്തോ ചോദിച്ചറിയാനുണ്ടായിരുന്നു. അതുകൊണ്ട് അയാൾ മുൾ വേലിപ്പടി കടന്ന് മുറ്റത്തെത്തി. മിഠായി കുട്ടിയെ ആകർഷിച്ചു, കളിയിൽ നിന്ന് അവളുടെ ശ്രദ്ധ തിരിച്ചു.

എടുത്തോ, സ്വാദുള്ളതാ!

രണ്ടു മൂന്നു മിഠായികൾ അയാൾ അവളുടെ കൈവെള്ളയിൽ വെച്ചുകൊടുത്തു.

തിന്നോ, നല്ലതാ!

അവൾ കടക്കണ്ണുകൊണ്ട് അയാൾക്ക് നേരെ ഒരു നോട്ടമെറിഞ്ഞു, അയാൾ പെൺകുട്ടിയെ നോക്കി ചിരിച്ചു.

മാമൻ വായിൽവെച്ചു തരാം.



കടലാസ്സു കളഞ്ഞ് അയാൾ കുട്ടിയുടെ വായിൽ ഒരെണ്ണം വെച്ചുകൊടുത്തു. കുട്ടി അയാളെ നോക്കിക്കൊണ്ട് അതു നുണഞ്ഞു. ഏറെ കഴിയും മുമ്പ് തന്നെ അവൾ ബോധരഹിതയായി.

കൈയിൽ കരുതിയ വലിയ സഞ്ചിയിൽ കുട്ടിയെ എടുത്തിട്ട് മുൾവേലി കടന്ന് സന്യാസി അകലേക്ക് നടന്നു പോയി. കുറച്ചു തിരക്കുള്ളതുപോലെ...

മകനും മരുമകളും സ്കൂട്ടറിൽ വെളിയിലേക്കു പോകുന്നതും നോക്കി നിന്ന് ചിന്നമ്മു ടീച്ചർ കൈവീശി. അവർ പോയതിനു തൊട്ടു പിന്നാലെയാണ് മഴ വന്നത്.

പെൺകുട്ടിയുടെ അമ്മ സീതയുടെ കരച്ചിൽ ഉയർന്നത്.

അയ്യോന്റെയീശ്വരാ... എന്റെ കുഞ്ഞിനെ കാണുന്നില്ലല്ലോ..

ടീച്ചർ കാതോർത്തു,

അയലത്തെ വീട്ടിലെ സീതയുടെ കരച്ചിലാണ്. ചെന്നു നോക്കുമ്പോൾ അവിടെ അഞ്ചാറാളുകൾ ഉണ്ട്. സീത മാറത്തടിച്ച് നിലവിളിക്കുകയാണ്.

അയ്യോന്റെ മോള് പ്രിയ... എവിടെ പോയി അവൾ?

സീതേ എന്നാ പറ്റീത്? പ്രിയ എവിടെ പോയി?

ചിന്നമ്മു ടീച്ചർ സീതയെ ചേർത്തു നിർത്തി ചോദിച്ചു.

സീത മുറവിളിയിട്ട് കരയുകയാണ്. ഇടയ്ക്ക് പറയുന്നുമുണ്ട്.

കഞ്ഞീം കൊടുത്ത് കഥേം പറഞ്ഞ് ഉറക്കീതാ ഞാനെന്റെ മക്കളെ മൂന്നിനേയും ടീച്ചറേ. അവരുടെ കൂടെ കിടന്ന ഞാനും കിടന്നു. ഞാനും ഒന്ന് മയങ്ങിപ്പോയി. എണീറ്റു നോക്കുമ്പോൾ പെണ്ണിനെ കാണുന്നില്ല ന്റെ പൊന്നേ...

പ്രിയയുടെ ചേച്ചിമാർ രണ്ടു പേരും വാവിട്ടു കരച്ചിലായി... എവ്ടെ പോയി തിരക്കും ടീച്ചറേ ഞാനെന്റെ മുത്തിനെ? പെൺകുട്ടിയുടെ അമ്മ ഒരു മുഴു ഭ്രാന്തിയെപ്പോലെ ഓടി നടന്നു വിലപിച്ചുകൊണ്ടിരുന്നു.

ഒന്നു രണ്ട് ചെറുപ്പക്കാർ തെല്ലിട ചെന്നു നോക്കാമെന്നു പറഞ്ഞു പുറത്തേക്കിറങ്ങി. ചിലർ പോലീസിലറിയിക്കാനും.

ഈ കുട്ടി ഇതെവിടെ പോകാൻ? പരിസരവാസികളായ സ്ത്രീകൾ കുശുകുശുത്തു.

കുട്ടിയെ ആരെങ്കിലും എടുത്തോണ്ടു പോയിട്ടുണ്ടാവ്വോ? തൊട്ടടുത്ത് താമസിക്കുന്ന ജാനു എന്ന സ്ത്രീ സംശയിച്ചു.

ഉറക്കത്തീന്ന് ആരെടുത്തോണ്ടു പോവ്വാനാന്റെ ജാനേ?

നഗരസഭയിലെ ക്ലാസ് ഫോർ ജീവനക്കാരിയായ പമീലയ്ക്ക് അങ്ങനെ സംഭവിക്കില്ലെന്നായിരുന്നു അഭിപ്രായം.

പിള്ളേരെപ്പിടിത്തക്കാരുള്ള കാലാ. ഒന്നും നിശ്ചയിക്കാൻ പറ്റൂല. ശിവശങ്കരപ്പിള്ള കാരണവർ പറഞ്ഞു.

പക്ഷെ എങ്ങനെ കാർന്നോരെ. കുട്ടി അമ്മയ്ക്കൊപ്പം ഒറങ്ങല്ലായിര്ന്നോ... ഔസേപ്പ് മാപ്പിള ചോദിച്ചു.

കുട്ടി എഴുന്നേറ്റ് മുറ്റത്ത് വന്നിരുന്ന് കളിക്കോ മറ്റോ ചെയ്തിട്ടുണ്ടെങ്കില്...? കളിക്കോപ്പുകൾ ചിലത് മുറ്റത്തുണ്ട്.

കാരണവർ ആ വഴിതന്നെ ശരിവെച്ചപോലെ നിന്നു. പോലീസ് വന്നു. പതിവ് അന്വേഷണം കൊണ്ടൊന്നും ഫലമുണ്ടായില്ല. പെൺകുട്ടിയെ കണ്ടു കിട്ടിയില്ല.

വർഷം രണ്ടു കഴിഞ്ഞു

കൊറ്റ്യേടത്ത് ക്ഷേത്രത്തിലെ ഉത്സവക്കാലം. വേട്ടക്കാരനെ തൊഴുത് മടങ്ങും വഴി, വഴിയോരത്ത് തിരക്കുള്ള കവലയിൽ വെച്ച് ചിന്നമ്മു ടീച്ചറെ പിന്നിൽ നിന്ന് ഒരു പെൺകുട്ടി തോണ്ടി വിളിച്ചു.

ടീച്ചറമ്മേ...!

ടീച്ചർ തിരിഞ്ഞു നിന്നു. പ്രാകൃത വേഷത്തിൽ ഒരു പെൺകുട്ടി.

ടീച്ചറമ്മേ വല്ലതും തരോ? അവൾ യാചിച്ചു.

മോളേ നീ പ്രിയയല്ലേ? സീതേടെ മോള്..?

ടീച്ചർക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല, അത്ഭുതമായിരിക്കുന്നു.

എവിടാർന്നു മോളേ നീ...? എങ്ങനെത്തി നീ ഇവിടെ? എവിടെല്ലാം നിന്നെ തിരഞ്ഞു ഞങ്ങളുന്ന്...!

മുടി പാറി പറന്ന പെൺകുട്ടിയുടെ കൊച്ചു മുഖത്ത് പതിയെ ഒരു ചിരി തെളിഞ്ഞ് പൊടുന്നനെ മാഞ്ഞു. താൻ പ്രിയയല്ലെന്ന് അവൾ തലകുലുക്കി.

നീ സീതയുടെ മകളല്ലെന്നോ? പിന്നെ നീ ആരാ?

എന്തറിഞ്ഞിട്ടാ നീ എന്നെ ടീച്ചറമ്മേന്ന് വിളിച്ചത്?

ടീച്ചർ അവളെ പിടിച്ചു കുലുക്കി.

പകച്ചു പോയൊരു നോട്ടം അവളിൽ നിന്ന്

അങ്ങകലേക്ക് എത്തി നിന്നു. ദൂരേയ്ക്ക് വിരൽ ചൂണ്ടി വിറയാർന്ന സ്വരത്തിൽ പെൺകുട്ടി മെല്ലെ മൂളി.

തുക്കാറാം..!

അവൾ വിരൽ ചൂണ്ടി വഴിയറ്റത്തു നിന്ന് തിരക്കിനെ തള്ളി നീക്കി താടിയും മുടിയും നീട്ടിയൊരു നീളൻ രൂപം ധൃതിവെച്ച് അടുക്കുന്നുണ്ടായിരുന്നു.

ഒന്നും ചോദിച്ചു നിൽക്കാനുള്ള സമയമല്ല അതെന്ന് ടീച്ചർക്ക് തോന്നി. അവർ അവളുടെ കൈക്ക് പിടിച്ചു. പിടയ്ക്കുന്ന ഹൃദയവുമായി അടുത്തുവന്ന ഓട്ടോയ്ക്കു കൈകാണിച്ചു നിർത്തി. അവളെയും കൊണ്ട് അതിൽ കയറി എവിടേക്കെന്ന് സ്ഥലം പറഞ്ഞു.

പിറ്റേന്നത്തെ പത്രത്തിൽ ക്ഷേത്രാങ്കണത്തിനടുത്ത് നിന്നും പോലീസ് പിടിയിലായ, പാഴ്സിയുടെ നോട്ടമുള്ള സന്യാസിയുടെ ചിത്രം വലിയ വാർത്തയായി വന്നു.

---



എം. ശശികുമാർ
കുതിരവട്ടം

# ചിങ്ങ നിലാവിൽ പൊന്നോണം

ഓണം വന്നു, അമ്പിളി ഓമന പൈതലേ..
നിൻ പാൽപുഞ്ചിരി കണ്ടു,
നീലാകാശ പരപ്പിൽ!
പൊന്നിൻ ചിങ്ങമാസ നിലാവേ,
നിൻ പ്രഭാത രേണുക്കൾ
ചൊരിയുക പാരിലെങ്ങും
ആകാശ നീലപ്പരപ്പിൽ
നിൻ വെള്ളിക്കിണ്ണം
പാർവ്വണ ശശിബിംബ ശോഭിതം
പാട വരമ്പിൽ അതിരാണി പൂക്കൾ
ഓണ രാവിൻ ഗസൽ മൂളിയോ....
ഓലക്കുട ചൂടി മഹാബലി തമ്പുരാൻ
പാദ സ്പർശത്താൽ പവിത്രമായി
എൻ മലനാട്
പൂത്താലമായി മലയാള മങ്കമാർ
വർണപ്പൂക്കളൊരുക്കി ഭവനങ്ങളിൽ
തിരുവോണ പുലരിയിൽ
സദ്യയൊരുക്കി കാത്തിരിക്കുന്നു
മഹാബലിയെ വരവേൽക്കാൻ
തിരുമേനി എഴുന്നള്ളുന്നു തിരുമുൽ കാഴ്ചയുമായി
തിരുമനസ്സിൽ കണ്ണുകൾ ഈറനണിഞ്ഞു
മലനാട്ടിൽ ദുരാവസ്ഥയിൽ
ചിങ്ങനിലാവിൻ മധുര പ്രതീക്ഷയുമായി
കാത്തിരിക്കുന്നു, പൊന്നോണം വരവേൽക്കാൻ
മലനാട്ടിൽ മക്കൾ






**ഒഞ്ചിയം ഉസ്മാൻ**
**ഒരിയാന**



# കിനാവിന്റെ വെളിച്ചം

അവളെ ഒന്ന് കണ്ടാൽ മതി സാർ.

കഴിഞ്ഞാഴ്ച നീയായിരുന്നോ വന്നത്?

ഞാൻ വന്നിരുന്നു സാർ. സാറല്ലേ നാരാണൻ മാഷ്?

നാരായണൻ ഞാൻ തന്നെ.



ആരെയാ നിനക്ക് കാണേണ്ടത്?

എന്റെ കരളിനെ.

കരളോ?

ആ സാർ.

അതാരാ?

എന്റെ സറി. സറീന.

സാറിന്റെ ക്ളാസ്സിലുള്ള മീനിന്റെ കണ്ണുള്ള സറീന.

അതായത് മീനാക്ഷി. ല്ലേ?

മീനാക്ഷിയല്ല സർ.

മുസ്ലിമാണ്. സറീന.

എന്തിനാ സാറ് പൊട്ടിച്ചിരിച്ചത്?

ഒന്നൂല്ല. ഒന്നൂല്ല.

നിന്റെ പേരെന്താ?

എന്റെ പേര് ഊസുബ്.

ഊസുബിന് അവളെ ഇഷ്ടാണോ?

ഇഷ്ടാണോന്നോ?

ഒരുപാട്.

അതായത് ഇഷ്ക്ക്, അല്ലേ?

എന്നോച്ചാൽ?

എന്ന് വെച്ചാൽ പ്രണയം.

ആ.. അത് തന്നെ.

ഊസുബെ, പ്രണയം തലക്ക് പിടിച്ചാ ഭ്രാന്താവും. മൂത്താൽ ലോകം തലക്ക് മുകളിൽ കറങ്ങാൻ തുടങ്ങും

ഡോ... ഞാനും ഈ വേദന അനുഭവിച്ചതാ. അവൾ പോയി.

ഇപ്പോ ഓർമകൾക്ക് തീ പിടിക്കുമ്പോൾ ഒരു പിടി മണ്ണ് വാരിയിടും. കുറേ നേരം പുകയും. പുകഞ്ഞ് പുകഞ്ഞ് കടലാസ് ചാരം പോലെ കാറ്റിൽ ഗതികിട്ടാതെ അലയും.

സാറ് സ്നേഹിച്ച പെണ്ണ് ഇപ്പോ....!

അവൾ ഒരു പണക്കാരന്റെ ഭാര്യയായി സസുഖം കഴിയുന്നു ഊസുബെ.

സാറ് പിന്നീട് കല്യാണം കഴിച്ചിട്ടില്ലേ?

കഴിച്ചു. പെണ്ണിനെയല്ല. ഓർമകളെ. ആ ഓർമ്മകൾ കൊണ്ടൊരു തലയണ തുന്നി. അതിൽ തല വെച്ച് കിടക്കും. അതൊരു സുഖാ ഊസുബെ. ഒരു തരം വേദനയിൽ മുക്കിയെടുത്ത സുഖം.

പണമുണ്ടെങ്കിൽ പ്രണയമുണ്ട്. ബന്ധങ്ങളുണ്ട്. ഭാര്യയുണ്ട്. മക്കളുണ്ട് അനിയനുണ്ട്.

ഇല്ലേൽ ആരുമില്ല.

ഒന്നുമില്ല. ഒന്നും.

പണത്തിന്റെ മരത്തിലാണ് ബന്ധങ്ങളുടെ വള്ളികൾ പടർന്ന് കയറുന്നത്.

ചില വള്ളികൾ മരത്തെ ഉണക്കിക്കളയും.

ചിലത് മുന്തിരിപ്പന്തലായി തണൽ തരും.

ആട്ടെ. ഊസുബ് എന്ത് ചെയ്യുന്നു?

പ്രത്യേകിച്ച്... അങ്ങനെ..

എന്ന് വെച്ചാൽ സ്ഥിരമായ ഒരു പണി ഇല്ല എന്നർത്ഥം; ല്ലേ?

ആ സാർ.

നീ അവളെ കല്യാണം കഴിക്കോ?

കഴിക്കും സാർ.

എന്താ ഉറപ്പ്?

ഉറപ്പാണ് സാർ. അവളില്ലാത്ത ഒരു ജീവിതം എനിക്കില്ല.

എങ്ങനെ രണ്ടാളും ജീവിക്കും?

ഈ ഊസുബ് പണിയെടുക്കും.

പണമുണ്ടാക്കും.

എന്ത് പണി?

എല്ലാ പണിയും. കൊത്തും. കുഴിക്കും കെട്ടും. മുട്ടും. അടിക്കും.

ഈശ്വരാ...

എന്താ സാറെ.

എന്തൊക്കെ പണിയാ നീ എടുക്കുന്നെ?

എന്താണ് ഈ മുട്ട്?

അറവന മുട്ടും സാറെ.

അടിക്കുന്നതോ?

പൊറാട്ട.

കലാകാരനായ പൊറോട്ടക്കാരൻ.

ല്ലേ?

ഊസുബെ. എല്ലാ പണിയും അറിയുന്നവന് ഒരു പണിയും അറിയില്ല എന്നാണ് വെപ്പ്. ഏതെങ്കിലും ഒന്നില് ശ്രദ്ധ കൊടുക്കൂ. പൊറോട്ട അടിക്കുന്നെങ്കിൽ അതിൽ പുതിയ തന്ത്രങ്ങളും ചേരുവകളും പരീക്ഷിച്ച് ഒരു പൊറോട്ട മാസ്റ്റർ ആയിത്തീരണം. ഏത് വരെ എന്നറിയാമോ?

'ഊസുബിന്റെ പൊറോട്ട' എന്ന പേര് കസ്റ്റമേഴ്സിന്റെ നാവിൻ വരും വരെ.

എന്തെങ്കിലും മനസ്സിലായോ ഇപ്പറഞ്ഞത്?

ആ സാർ.

ആട്ടെ. ഊസുബ് എത്ര വരെ പഠിച്ചു?

അങ്ങനെ ചോദിച്ചാൽ..

കാര്യമായി...

കാര്യമായ പഠിപ്പില്ലാന്നർത്ഥം.ല്ലേ

ആ സാർ.

ഊസുബെ നീ കെട്ടിയ കമ്പി പോര.

നല്ല കാറ്റിൽ കമ്പി പൊട്ടും. തെങ്ങ് നിലം പൊത്തും.

പഠിപ്പില്ലാതെ നീ എന്ത് ചെയ്യാനാ?

ബീരാനിക്കാനെ അറിയോ സാറിന്?

ജാഫർക്കാനെ അറിയോ? ഇബ്രായിക്ക, സലീംക്ക ഇവരൊക്കെ സ്കൂളിന്റെ പടി കണ്ടിനോ? ഇവരൊക്കെ ആരാ?

ആരാ ഊസുബെ?

ആരാന്നോ? കോടീശ്വരന്മാർ.

പണക്കാരനാവാൻ ആന കുത്തിയാലും ഇളകാത്ത തീരുമാനാ വേണ്ടിയത്. എപ്പോഴും നമ്മളെ മൂന്നാം കണ്ണ് തുറന്ന് വെക്കണംന്ന് മൂത്താപ്പ എന്നോട് പറഞ്ഞീനും.

അതാരാ മൂത്താപ്പ?

മായനാജി.

സാറിനറിയില്ലേ ഇരുകണ്ടത്തിൽ മായാനാജീനെ?

വലിയ പണക്കാരനേനും.

പ്രമാണിയേനും. ഞായസ്ഥനെനും.

നാല് ഭാഷ അറിയേനും. പച്ച വെള്ളം പോലെ ഇംഗ്ളീഷ് പറയേനും.

മരിച്ച് പോയി.

ഊസുബെ, മൂത്താപ്പ പറഞ്ഞത് എന്താന്ന് നിനക്ക് മനസ്സിലായീനോ?

ഞാൻ പറഞ്ഞ് തരാം.

അതായത്, തീരുമാനങ്ങൾ എടുത്ത് കഴിഞ്ഞാൽ ആ തീരുമാനത്തിൽ പാറ പോലെ ഉറച്ച് നിൽക്കണംന്നാ ഒന്നാമത്തേത്.

ലക്ഷ്യത്തിന്മേൽ ഒരു മൂന്നാം കണ്ണ് വേണംന്നാ രണ്ടാമത്തേത്.

രണ്ട് കണ്ണല്ലേ മുമ്പിൽ? മുമ്പിലുള്ള കണ്ണുകൾകൊണ്ട്

മുമ്പിലുള്ളത് കാണാം.

മുന്നിൽ നിന്ന് കൈ തന്നവൻ പിന്നിൽ നിന്ന് കാല് വാരുന്നത് നമുക്ക് കാണാൻ കഴിയില്ല.

പിന്നിൽ നിന്ന് അള്ള് വെക്കുന്നത് നമ്മള് കാണില്ല. ഇടങ്കോലിട്ട് നമ്മളെ കുഴിയിലാക്കുന്നതും കാണാൻ കഴിയില്ല.

അതിനാണ് ഒരു മൂന്നാം കണ്ണ് വേണോന്ന്

മൂത്താപ്പ പറഞ്ഞത്. മനസ്സിലാവുന്നുണ്ടോ മൂത്താപ്പ പറഞ്ഞതിന്റെ സാരം?

മനസ്സിലാവുന്നുണ്ട് സാർ.

ഒന്ന് വിളിച്ച് താ സാറെ.

ഞാനെത്ര ദൂരേന്നാ വരുന്നതെന്നറിയോ സാറിന്? ഇന്നലെ ഞാൻ തീരെ ഉറങ്ങീട്ടില്ല.

എന്റെ സറീനെ കാണണോന്ന് വല്ലാത്ത വിചാരം.

ഒന്ന് കണ്ടാ മതി. കണ്ടിട്ട് വേഗം മടങ്ങും.

ഊസുബെ ഒന്ന് ചോദിച്ചോട്ടെ നിങ്ങൾ രണ്ടാളും എങ്ങനെയാ ഇങ്ങനെ അടുത്തത്?

മനസ്സ് കൊണ്ടാ ഞങ്ങൾ അടുത്തത് സാറെ.

അതായത് ശരീരം കൊണ്ട് ഇത് വരെ അടുത്തിട്ടില്ലാന്നർത്ഥം. ല്ലേ.

ഇല്ല സാർ. അടുത്തിട്ടില്ല. അത് തെറ്റല്ലേ.

കല്യാണം കഴിയും മുമ്പെ അങ്ങനെ വേണ്ട സാർ. അതല്ലേ ശരി.

മനസ്സിലൊരു എന്തോ. എന്തോ ഒരു വിളി.

കിടന്നാലും നിന്നാലും ഇരുന്നാലും കണ്ണിൽ സറി.

അത് കൊണ്ടാ നേരെ ഇങ്ങ് പോന്നത്. ഒന്ന് കണ്ടാൽ മതി.

ഊസുബെ നിഷ്കളങ്കമായ നിന്റെ സംസാരം എനിക്കിഷ്ടപ്പെട്ടു.



ഞങ്ങളെ നിക്കാഹ് കഴിഞ്ഞാൽ...

കഴിഞ്ഞാൽ ഊസുബ് എന്ത് ചെയ്യും?

ഞങ്ങൾ അടുക്കും.

മുറുകെ സ്നേഹിക്കും.

പ്രണയിച്ച് പ്രണയിച്ച് സറി എന്നെ രാജാവാക്കും.

ഞാൻ സ്നേഹിച്ച് സ്നേഹിച്ച് സറിയെ ഞാൻ റാണിയാക്കും.

സർ.. ഒന്ന് വിളിപ്പിക്കോ? ദൂരെ നിന്ന് കണ്ടാൽ മതി സർ. എന്നാല് എന്റെ മനസ്സിലെ തീ കെടും സാറെ. കണ്ട് വേഗം മടങ്ങും.

അപ്പൊ സംസാരിക്കണ്ടേ?

വേണ്ട സാർ. ഒന്ന് കണ്ടാൽ മതി. കണ്ട് മടങ്ങിക്കോളാം.

ഊസുബെ അതാ  നോക്ക്, നിന്റെ സറി വരുന്നുണ്ട്. മക്കനയിട്ട നിന്റെ മൊഞ്ചത്തി. കാണുന്നുണ്ടോ? ഇന്ന് ക്ളാസ്സ് നേരത്തെ വിട്ടു. നീ ഭാഗ്യവാനാണ്. കാത്തിരിക്കേണ്ടി വന്നില്ലല്ലോ? കണ്ണ് നിറയെ കണ്ടോളൂ. കരളിൽ കുളിര് കോരിയിട്ടോളൂ.

ഊസുബ് ഇവിടെ നിൽക്ക്.

അവളെ ഇങ്ങോട്ട് വിളിപ്പിക്കാം. പോയി സ്റ്റാഫ് റൂമിൽ ഇരിക്ക്.

സറീനാ... ആരാ നിന്നെക്കാണാൻ വന്നതെന്ന് നോക്ക്.

ഒരു ഊസുബിനെ അറിയോ നിനക്ക്?

സാർ....

വേണ്ട നഖം കടിക്കണ്ട. ഊറിയ ആ ചിരി കണ്ടപ്പൊഴേ എനിക്കെല്ലാം മനസ്സിലായി.

നോക്കൂ. പ്രണയം വലിയ ത്യാഗമാണ്.

എല്ലാം അറിഞ്ഞിട്ട് തന്നെയാണോ സറീനാ നിന്റെ ഈ തീരുമാനം?

സാർ.... ഞാൻ.

പറയൂ.

എന്നെ സ്നേഹിക്കുന്ന, എന്നെ പരിഗണിക്കുന്ന ആണായൊരുത്തൻ.

അതാ എന്റെ ഇഷ്ടം.

അതാ എന്റെ സ്വപ്നം.

അതായത് തന്റേടമുള്ള ഒരുത്തൻ.? ല്ലേ

മനസ്സിലായി. മുഖത്തെ ചുവപ്പ് കണ്ടപ്പോഴേ മനസ്സിലായി നിന്റെ മനസ്സ്.

സർ.. മണി നാലരയായി. നാലേമുക്കാലിനാ ഫ്ലൈറ്റ്.

ഫ്ളൈറ്റോ? ആരാ യാത്ര പോവുന്നത്?

ഊസുബ്ക്ക.

ങ്ങേ...

ആ സാർ. ഇക്ക പുറപ്പെടുകയാണ്.

എവിടേക്ക്?

ഒരു കടും തീരുമാനത്തിലേക്ക്. സ്വപ്നത്തിന്റെ സാക്ഷാൽക്കാരത്തിലേക്ക്.

എനിക്കൊന്ന് കാണണം സാർ. ഒന്ന് കണ്ടോട്ടെ സാർ.

നീ എവിടെക്കാ ഓടുന്നത്?

ഇക്ക...

സ്റ്റാഫ് റൂമിൽ കാത്തിരിക്കുന്നുണ്ടെന്നല്ലേ സാർ പറഞ്ഞത്?

ഊസുബെ...

ഇവനെവിടെപ്പോയി?

കാണുന്നില്ലല്ലോ. പോയോ?

സറീനാ ഊസുബ് പോയി.

* * *

അതേ സമയം

എയർപോർട്ടിലാണ് ഊസുബ് ഇപ്പോൾ.

ഉമ്മാ... ഞാൻ

വിമാനത്തിൽ കയറി. സൈഡിലാണ് സീറ്റ്.

അങ്ങെത്തിയിട്ട് വിളിക്കും.

രാത്രീല് കൂട്ടിനായി അമ്മിണി അമ്മ ഉണ്ടാവും. ഞാൻ അമ്മയോട് പറഞ്ഞിട്ടുണ്ട്. വെക്കട്ടെ.

വിമാനം ഉയരുകയാണ്. ഊസുബ് സീറ്റ് ബെൽറ്റിട്ടു. കീശയിൽ നിന്നും പുറത്തെടുത്ത ഫോട്ടോയിലേക്ക് ഏറെ നേരം നോക്കിക്കൊണ്ടിരിക്കെ ഊസുബിന്റെ നിറമിഴികളിലൂടെ വേർപാടിന്റെ നൂല് ഒഴുകി.

ആരും കാണാതെ ഊസുബ് തന്റെ ചുണ്ടിനോട് ഫോട്ടോ ചേർത്ത് വെച്ചിട്ട് പതിയെ മന്ത്രിച്ചു. സറി. എന്റെ മുത്താണ് നീ.

എന്റെ ജീവനാണ് നീ.

ഞാൻ വരും. ജയിച്ചിട്ട്.

ഊസുബ് ചാരിയിരുന്നു. മഴമേഘങ്ങൾ ഒരു പഞ്ഞി കെട്ടുപോലെ ആകാശത്ത് നീങ്ങിക്കൊണ്ടിരിക്കുന്ന കാഴ്ച്ചയിൽ നോക്കിനിൽക്കെ ഊസുബിന്റെ മനസ്സും നീങ്ങുന്നു.

ഊസുബ് മൂത്താപ്പാന്റെ മുഖം കണ്ടു. സ്കൂളിന്റെ ഇറ പോലും കണ്ടിട്ടില്ലാത്ത മൂത്താപ്പ കപ്പൽ കയറി കഠിനാധ്വാനത്തിലൂടെ ലക്ഷ്യം കൈവരിച്ച് വലിയ പണക്കാരനായി തിരിച്ച് വന്നതും മനസ്സിലുണ്ടായിരുന്ന പനന്തത്തയെ സ്വന്തമാക്കിയതും ഊസുബ് ഒരു നിമിഷം ഓർത്തു.

ഈ ഊസുബിന് എന്ത് കൊണ്ട് അങ്ങനെയായിക്കൂട.

ആവും.

വിമാനം നിലത്തിറങ്ങാൻ പോവുന്ന അറിയിപ്പ് വന്നു.



ഊസുബിന്റെ ജീവിതത്തിന്റെ പുതിയൊരു അദ്ധ്യായത്തിലേക്ക് വിമാനത്തിന്റെ ചക്രങ്ങൾ മണ്ണ് തൊട്ടു. നൂറ് ഭാഷകളുള്ള, നൂറ് സംസ്കാരങ്ങളുള്ള, നൂറ് മതങ്ങളുള്ള, നൂറ് ചരിത്രമുള്ള ലോകത്തിലെ ഏറ്റവുംവലിയ സർവകലാശാല...

ദുബായ്...

ഊസുബ് എയർപോർട്ടിൽ നിന്നും പുറത്തിറങ്ങി.

ഇപ്പോൾ ഊസുബ് ടാക്സിയിലിരുന്ന് ദുബായ് വീക്ഷിക്കുകയാണ്.

രാത്രിയുടെ മനോഹാരിതയിൽ പ്രകാശത്തിൽ മുങ്ങിക്കുളിച്ച രാജ വീഥികളിലൂടെ കാർ ഓടിക്കൊണ്ടിരിക്കുകയാണ്.

ഊസുബ് മൊബൈലെടുത്ത് ഉമ്മാനെ വിളിക്കാൻ നമ്പർ ഞെക്കി.

കിട്ടുന്നില്ല. പല തവണ കുത്തിയിട്ടും കിട്ടുന്നില്ല.

ഇത് കണ്ട് ഡ്രൈവർ പറഞ്ഞു. കിട്ടില്ല. സിം മാറ്റണം. തൽക്കാലം ഇതിൽ വിളിച്ചോ.

മലയാളിയാണ് അല്ലേ?

ഊസുബിന്റെ സന്തോഷം ഇരട്ടിച്ചു.

ഉമ്മാ ഞാൻ ഇങ്ങെത്തി. സുഖായിരുന്നു. ഉമ്മ ദുആ ചെയ്യണം.

വെക്കട്ടെ.

ഊസുബ് കടലാസിലെഴുതിയ അഡ്രസ്സ് ഡ്രൈവർക്ക് നേരെ നീട്ടി.

വലിയ ഒരു ഹോട്ടലിന്റെ പാർക്കിംഗ് ഏരിയയിൽ വണ്ടി നിന്നു.

ഊസുബ് പുറത്തിറങ്ങി.

മൂത്താപ്പാന്റെ മകന്റെ പ്രസിദ്ധമായ ആ ത്രീസ്റ്റാർ ഹോട്ടലിലേക്ക് ഊസുബ് വലത് കാലെടുത്തുവെച്ച് ഉള്ളിലേക്ക് പോയി.

ഊസുബ് ഇടനാഴിയിലൂടെ നടക്കുകയാണ്.

ദാ. കോട്ടും സൂട്ടുമിട്ട കുഞ്ഞീക്ക മുമ്പിൽ നിൽക്കുന്നു.

മാനേജിങ് ഡയറക്ടർ. മൂത്താപ്പാന്റെ മകൻ.

ഊസുബിനെ ഇങ്ങെത്തിച്ച കുഞ്ഞീക്ക.

നന്ദി കണ്ണീരായി ഊസുബിന്റെ മിഴിയോരങ്ങളിൽ ഉരുണ്ടുകൂടുന്നു. പിന്നാലെ ഊസുബ് നടക്കുകയാണ്.

ഈ മണ്ണ് വല്ലാത്ത മണ്ണാണ്. സ്വപ്നങ്ങൾ ചിലരുടേത് പച്ചപിടിച്ച് വളർന്ന് പന്തലിച്ചിട്ടുണ്ട്. ചിലരുടേത് സ്വപ്നങ്ങൾ മരുഭൂമിയിലെ തീ കാറ്റിൽ കരിഞ്ഞ് പോയിട്ടുമുണ്ട്.

ഊസുബ് കുഞ്ഞീക്ക കൊടുത്ത മൊബൈലിൽ ശബ്ദം താഴ്ത്തിക്കൊണ്ട് വിളിച്ചു. ഹലോ..ഞാനിങ്ങെത്തി.

മറുപടി ഒരു കരച്ചിലായിരുന്നു.

വിരഹത്തിന്റെ ഇടറിയ ശബ്ദവീചികൾ അന്തരീക്ഷത്തിലൂടെ ഒഴുകി വന്ന് ഊസുബിന്റെ കൺതടങ്ങളിൽ കുടുങ്ങി നിന്നു. ഇനി എന്നാ..

എന്നാണ് ഇനി തമ്മിൽ കാണുക !

ഊസുബിന് ഒന്നും പറയാനാവുന്നില്ല.

അനന്തമായ ഭാവിയുടെ രേഖകൾ തെളിയാൻ എത്ര സമയമെടുക്കുമെന്ന് പറയാനാവില്ല.

ഒരു നിമിഷം കാണാതിരിക്കാനാവില്ല.

പക്ഷെ...

ഊസുബ് ഇരുന്ന കട്ടിലിൽ അൽപനേരം എന്തോ ആലോചിച്ചിട്ട് മൊബൈലിൽ മുത്തമിട്ടു.

അതെ, അതവൾക്ക് കിട്ടിയിരിക്കുന്നു.

ജയിക്കാൻ പടച്ചട്ട അണിയിച്ച് പറഞ്ഞു വിട്ടവൾ.

ടിക്കറ്റിന് വേണ്ടി പാദസരം ഊരിക്കൊടുത്തവൾ.

ഊസുബിന്റെ കിനാവിന്റെ വെളിച്ചം.

ഊസുബ് കണ്ണ് തുടച്ചു. ●

---

# ജർമ്മനിയിൽ കെയർ ഹോമുകളിൽ 100 നഴ്സുമാർക്ക് അവസരങ്ങൾ

**തിരുവനന്തപുരം:** സംസ്ഥാന സർക്കാർ സ്ഥാപനമായ നോർക്ക റൂട്ട്സിന്റെ ട്രിപ്പിൾ വിൻ പദ്ധതിയുടെ ഭാഗമായി ജർമ്മനിയിൽ കെയർ ഹോമുകളിൽ നഴ്സുമാർക്ക് അവസരങ്ങളുമായി സംഘടിപ്പിക്കുന്ന സ്പെഷ്യൽ റിക്രൂട്ട്മെന്റിലേയ്ക്ക് ഇപ്പോൾ അപേക്ഷിക്കാം. നഴ്സിംങിൽ BSc/Post ആരെ വിദ്യാഭ്യാസ യോഗ്യത അല്ലെങ്കിൽ GNM യോഗ്യതയ്ക്കു ശേഷം രണ്ടുവർഷത്തെ പ്രവൃത്തി പരിചയവും വേണം. വയോജന പരിചരണം/പാലിയേറ്റീവ് കെയർ/ജറിയാട്രിക് എന്നിവയിൽ 2 വർഷം പ്രവൃത്തി പരിചയമുള്ളവർക്കും ജർമ്മൻ ഭാഷയിൽ ബി1, ബി2 യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്കും (ഫാസ്റ്റ് ട്രാക്ക്) മുൻഗണന ലഭിക്കും. പ്രായപരിധി 38 വയസ്സ്. താൽപര്യമുള്ളവർ triplewin.norka@kerala.gov.in എന്ന ഇമെയിൽ ഐഡിയിലേയ്ക്ക് വിശദമായ സി.വി, ജർമ്മൻ ഭാഷായോഗ്യത (ഓപ്ഷണൽ), വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ, പ്രവൃത്തി പരിചയമുൾപ്പെടെയുള്ള മറ്റ് അവശ്യരേഖകളുടെ പകർപ്പുകൾ എന്നിവ സഹിതം 2024 ഒക്ടോബർ 10 നകം അപേക്ഷ നൽകേണ്ടതാണെന്ന് നോർക്ക റൂട്ട്സ് സി.ഇ.ഒ അജിത് കോളശ്ശേരി അറിയിച്ചു. 9 മാസം നീളുന്ന സൗജന്യ ജർമ്മൻ ഭാഷാ പരിശീലനത്തിൽ (ഓഫ്‌ലൈൻ) പങ്കെടുക്കാൻ സന്നദ്ധതയുള്ളവരുമാകണം അപേക്ഷകർ. ഇതിനായുള്ള അഭിമുഖം 2024 നവംബർ 13 മുതൽ 22 വരെ നടക്കും. കഴിഞ്ഞ 6 മാസമായി തുടർച്ചയായി ഇന്ത്യയിൽ താമസിക്കുന്ന കേരളീയരായ ഉദ്യോഗാർത്ഥികൾക്ക് മാത്രമാകും ട്രിപ്പിൾ വിൻ പദ്ധതിയിലേക്ക് അപേക്ഷിക്കാനാവുക.

# ഇൻകാസ് ദുബായ് ഭാരവാഹികൾ



പി.കെ റഫീഖ് മട്ടന്നൂർ



ബി. പവിത്രൻ



ബാലകൃഷ്ണൻ അല്ലിപ്ര

ഇൻകാസ് ദുബായ് സ്റ്റേറ്റ് കമ്മിറ്റി പ്രസിഡണ്ടായി റഫീഖ് പി കെ മട്ടന്നൂരിനെയും വർക്കിംഗ് പ്രസിഡന്റ്മാരായി ബി. പവിത്രൻ, ബാലകൃഷ്ണൻ അല്ലിപ്രയെയും, സംഘടനാ ചുമതലയുള്ള ജനറൽ സെക്രട്ടറിയായി ഷൈജു അമ്മാനപ്പാറയെയും, ജനറൽ സെക്രട്ടറിമാരായി ബഷീർ നരണിപ്പുഴ, ബാബുരാജ് കാളിയത്തേലിനെയും, ട്രഷറർ ആയി ദിലീപ് കുമാറിനെയും, ജോയിന്റ് ട്രഷററായി ടോജി മുല്ലശ്ശേരിയെയും കെ പി സി സി നിയമിച്ചു. 11 വൈസ് പ്രസിഡണ്ടുമാർ, 14 സെക്രട്ടറിമാർ, 23 എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരെയും തെരഞ്ഞെടുത്തു.

ജീവകാരുണ്യ സാമൂഹ്യ സേവന രംഗങ്ങളിൽ കൂടുതൽ ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമെന്ന് പ്രസിഡണ്ട് റഫീഖ് പി കെ മട്ടന്നൂർ പറഞ്ഞു.

# പ്രവാസി ലീഗൽ സെൽ മികച്ച പ്രവർത്തക പുരസ്കാരം അഡ്വ. സോണിയ സണ്ണിക്ക്



**ന്യൂഡൽഹി:** പ്രവാസി ലീഗൽ സെല്ലിന്റെ 2023 ലെ ഏറ്റവും മികച്ച പ്രവർത്തക പുരസ്കാരം അഡ്വ. സോണിയ സണ്ണിക്ക്. വിദേശ തൊഴിൽ തട്ടിപ്പിലും മറ്റും അകപ്പെട്ട നൂറുകണക്കിന് ഇരകൾക്ക് നിയമ സഹായം നൽകിയതുൾപ്പെടെയുള്ള പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലാണ് ഈ പുരസ്കാരമെന്ന് പ്രവാസി ലീഗൽ സെൽ ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ജോസ് എബ്രഹാം പറഞ്ഞു. എറണാകുളം ജില്ലാ കൺസ്യൂമർ കമ്മീഷൻ അദ്ധ്യക്ഷൻ ഡി .ബി. ബിനുവും മുൻ കേരള മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷനും, പ്രവാസി ലീഗൽ സെൽ കേരള ചാപ്റ്റർ അദ്ധ്യക്ഷനുമായ ജഡ്ജ് മോഹനദാസും ചേർന്നാണ് പുരസ്കാരം നൽകിയത്.

പ്രവാസികളെ നിയമപരമായി ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ ഡൽഹി കേന്ദ്രമായി പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനയാണ് പ്രവാസി ലീഗൽ സെൽ. ലോകത്തെമ്പാടും പ്രതിനിധികളുള്ള പ്രവാസി ലീഗൽ സെൽ യു.കെ ചാപ്റ്റർ അധ്യക്ഷയാണ് അഡ്വ. സോണിയ സണ്ണി. പ്രവാസ മേഖലയിൽ പ്രതിബദ്ധതയുള്ള കൂടുതൽ ആളുകളെ ഉൾപ്പെടുത്തി ലീഗൽ സെൽ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുമെന്നു ഗ്ലോബൽ വക്താവ് സുധീർ തിരുനിലത്ത് അറിയിച്ചു.

# പ്രവാസികൾക്കായി നോർക്ക ബിസിനസ്സ് ക്ലിനിക്ക് പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു




*എൻ.ബി.സി. ലോഗോ നോർക്ക റൂട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരി പ്രകാശനം ചെയ്യുന്നു*

**തിരുവനന്തപുരം:** പ്രവാസി സംരംഭകർക്കായി നോർക്ക ബിസ്സിനസ്സ് ഫെസിലിറ്റേഷൻ സെന്ററിന്റെ (എൻ.ബി.എഫ്.സി) ബിസിനസ്സ് ക്ലിനിക്ക് (എൻ.ബി.സി.) സേവനം റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പ്രവാസി നിക്ഷേപകർക്കും, സംരംഭകർക്കും, നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കും കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ വിപുലീകരിക്കുന്നതിനുമായുള്ള എല്ലാ സഹായങ്ങളും ഉപദേശവും ഇതുവഴി ലഭ്യമാകുമെന്ന് പി. ശ്രീരാമകൃഷ്ണൻ പറഞ്ഞു. ബിസിനസ്സ് ആശയത്തെ യാഥാർത്ഥ്യമാക്കുന്നതിനായുള്ള സാങ്കേതിക സഹായങ്ങളും വായ്പാസാധ്യതകൾക്കായുള്ള പിന്തുണയും ലഭ്യമാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. ചടങ്ങിൽ എൻ.ബി.സി. ലോഗോ നോർക്ക റൂട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരി പ്രകാശനം ചെയ്തു. നോർക്ക സെന്ററിൽ നടന്ന ചടങ്ങിൽ എൻ.ബി.എഫ്.സി മാനേജർ സുരേഷ് കെ.വി സേവനം സംബന്ധിച്ച് വിശദീകരിച്ചു. സെക്ഷൻ ഓഫീസർ രമണി കെ സ്വാഗതവും സീനിയർ എക്സിക്യൂട്ടീവ് പാർവ്വതി ജി.എസ് നന്ദിയും പറഞ്ഞു.

നോർക്ക റൂട്സിലെ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന നോർക്ക ബിസ്സിനസ്സ് ക്ലിനിക്കിൽ നേരിട്ടും ഓൺലൈൻ വഴിയും സേവനങ്ങൾ ലഭ്യമാണ്. 8592958677 എന്ന നമ്പറിലോ nor-kanbfc@gmail.com എന്ന ഇമെയിലോ ബന്ധപ്പെട്ട് അപ്പോയിന്റ്മെന്റ് ബുക്ക് ചെയ്യാം.

## രചനകൾ ക്ഷണിക്കുന്നു

**പ്രവാസി റിവ്യൂ മാഗസിനിലേക്ക്**
**കഥ, കവിത, ലേഖനം എന്നിവ ക്ഷണിക്കുന്നു.**

*രചനകൾ അയയ്ക്കേണ്ട വിലാസം:* ചീഫ് എഡിറ്റർ, പ്രവാസി റിവ്യൂ, ലിൻവുഡ്, പൊറ്റങ്ങാടി രാഘവൻ റോഡ്, വെസ്റ്റ് നടക്കാവ്, കോഴിക്കോട് - 673011. **Ph: 0495 2769086, Mob: 9037319971**

**pravasireviewmagazine@gmail.com | www.peoplesreview.co.in**

ഈ ആത്മബന്ധം,
ആപ്പിനും അപ്പുറം

FEDERAL BANK
YOUR PERFECT BANKING PARTNER

# പൊന്നോണം, ഇത് Perfect ഓണം!



ഒരുമയുടെയും നന്മയുടെയും ആഘോഷമായ ഓണത്തെ വരവേൽക്കാൻ ലോകമെമ്പാടുമുള്ള മലയാളികൾക്കൊപ്പം ഫെഡറൽ ബാങ്കും ഒരുങ്ങിക്കഴിഞ്ഞു. ഏവർക്കും ഫെഡറൽ ബാങ്കിന്റെ ഓണാശംസകൾ.




### ഫെഡറൽ 24 7
ഫെഡറൽ ബാങ്ക് ബ്രാഞ്ച് സന്ദർശിക്കാതെ തന്നെ സേവിങ്സ് അക്കൗണ്ട് തുറക്കൂ 24x7 ലൂടെ

### ക്രെഡിറ്റ് & ഡെബിറ്റ് കാർഡ് ഓഫറുകൾ
ഡിസ്ക്കൗണ്ടും ക്യാഷ്ബാക്കും ഉൾപ്പെടെ ആകർഷകമായ ഒട്ടനവധി ഓഫറുകൾ

### സ്വർണ്ണ വായ്പ
- കുറഞ്ഞ പലിശനിരക്ക്
- ലളിതമായ നടപടിക്രമങ്ങൾ
- കൂടുതൽ വായ്പാതുക

### വാഹന വായ്പ
- 100%* വരെ വായ്പ
- ഉയർന്ന തിരിച്ചടവു കാലാവധി
- പ്രോസസിങ് ഫീയിൽ 50 % കിഴിവ്

### ഭവന വായ്പ
- 90%* വരെ വായ്പ
- 30 വർഷത്തെ തിരിച്ചടവ് കാലാവധി

### സ്ഥിരനിക്ഷേപങ്ങൾ
- സുതാര്യം
- സുരക്ഷിതം
- ലാഭകരം

ഓഫറുകളെക്കുറിച്ച് കൂടുതൽ അറിയാൻ QR കോഡ് സ്കാൻ ചെയ്യുക



*നിബന്ധനകൾക്ക് വിധേയം

24x7 1800 420 1199
1800 425 1199
+91 484 2630994/5 (NRI)

www.federalbank.co.in

RNI No. KERAMAL/52708/2013
Date of Publication: 01-09-2024

